# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *191 — 16.08.2017 ൽ മറുപടിക്ക്

### ആധുനിക വ്യവസായ രംഗത്തേക്ക് സ്വകാര്യ മൂലധനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. ഡി. പ്രസേനൻ<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. യു. ആർ. പ്രദീപ്<br>ശ്രീ. ഒ. ആർ. കേളു | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തിന്റെ പൊതുവളർച്ചയെ ത്വരിതപ്പെടുത്തുന്നതിനായി, പരിസ്ഥിതിയും തൊഴിലാളികളുടെ അവകാശവും സംരക്ഷിച്ചുകൊണ്ട് ആധുനിക വ്യവസായ രംഗത്തേക്ക് സ്വകാര്യ മൂലധനത്തെ ആകർഷിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | (എ)<br>&<br>(ബി) | കേരളത്തെ പരിസ്ഥിതി സൗഹൃദരീതിയിൽ നിക്ഷേപക സംസ്ഥാനമാക്കുന്നതിനും തൊഴിലവസരങ്ങൾ വൻതോതിൽ സൃഷ്ടിക്കുന്നതിനും സ്വകാര്യ മൂലധനത്തെക്കൂടി ആശ്രയിക്കേണ്ടതുണ്ട്. എന്നാൽ തൊഴിലാളികളുടെ അവകാശം പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടായിരിക്കും പദ്ധതികൾ നടപ്പിലാക്കുക. നിലവിൽ കിൻഫ്ര വഴിയും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ വഴിയും വ്യവസായ പാർക്കുകൾ ആരംഭിച്ചുവരുന്നു. അടിസ്ഥാനസൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഈ പാർക്കുകളിൽ ഒരുക്കികൊണ്ടിരിക്കുന്നു. കൂടാതെ വ്യവസായ സംരംഭകർക്ക് വേഗത്തിലും സുതാര്യമായും ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനായി നിലവിൽ ചട്ടങ്ങളിലെ കാർക്കശ്യങ്ങൾ ലഘൂകരിക്കാനും നടപടിക്രമങ്ങൾ ലളിതമാക്കാനുമായി "കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ആക്റ്റ്" എന്ന പേരിൽ ഒരു ഏകീകൃത ആക്റ്റ് നടപ്പിലാക്കാനുള്ള ശ്രമങ്ങൾ അന്തിമഘട്ടത്തിലാണ്.<br>പരിസ്ഥിതി സംരക്ഷണത്തിനായി മാലിന്യ സംസ്കരണ പ്ലാന്റുകൾ, വിഷമാലിന്യ സംസ്കരണ സംരംഭങ്ങൾ എന്നിവ ഒരുക്കും.<br>**<u>സംരംഭകത്വ സഹായ പദ്ധതി</u>**യിലൂടെ വ്യവസായ വകുപ്പ് സൂക്ഷ്മ ചെറുകിട ഇടത്തര സംരംഭങ്ങൾക്ക് സ്ഥിരമൂലധനത്തിന്റെ 15% സഹായമായും നൽകുന്നു. പരമാവധി 20 ലക്ഷം രൂപ വരെ. വനിതാ - യുവസംരംഭകർക്കും, |
| (ബി) | പശ്ചാത്തല സൗകര്യ വികസനത്തിനും സംരംഭകത്വ വികസനത്തിനുമായി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; | | |

| | | | |
|---|---|---|---|
| | | | പട്ടികജാതി/പട്ടിക വർഗ്ഗ സംരംഭകർക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ **20%** സാമ്പത്തിക സഹായം തരുന്നു. പരമാവധി **30** ലക്ഷം രൂപ.<br>**ഇ ഡി ക്ലബ്ബ്** യുവതയെ തൊഴിൽ അന്വേഷകരിൽനിന്നും തൊഴിൽദാതാക്കളായി വികസിപ്പിക്കുന്നതിനും അവരിൽ വ്യക്തിത്വ വികസന വളർച്ച സൃഷ്ടിക്കുന്നതിനും വിദ്യാർത്ഥികളിലെ നവ ആശയങ്ങളെ രൂപകൽപ്പന ചെയ്ത് യുവസംരംഭകരാക്കി വളർത്തിയെടുക്കുന്നതിനായി ഇ ഡി (എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ്) ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു.<br>**ഇൻകുബേഷൻ സെന്ററുകൾ** പുതിയ വ്യവസായ ആശയങ്ങളുമായി മുന്നോട്ട് വരുന്ന സംരംഭകരുടെ സ്വപ്നം സാക്ഷാത്ക്കരിക്കാനാവശ്യമായ എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുന്നതിനാണ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നത്.<br>മേൽപ്പറഞ്ഞവ കൂടാതെ ബോധവൽക്കരണ ക്ലാസ്സുകൾ പരിശീലന പരിപാടികൾ, മെഷിനറി എക്സിബിഷൻ തുടങ്ങിയ പദ്ധതികൾ ബ്ലോക്ക് തലം മുതൽ ജില്ലാതലം വരെ നടത്തിവരുന്നു.<br>കേരളത്തിലെ ഭൂമി ദൗർലഭ്യം കണക്കിലെടുത്ത് പശ്ചാത്തലസൗകര്യ വികസനം ഒരുക്കുന്നതിനായി പ്രധാന വ്യവസായവികസന മേഖലകളിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് സംരംഭകർക്ക് നൽകുന്ന പദ്ധതി നിലവിലുണ്ട്. അതിന്റെ തുടക്കമായി എറണാകുളം ജില്ലയിൽ എടയാറിൽ ബഹുനില സമുച്ചയം നിർമ്മിച്ച് സംരംഭകർക്ക് അനുവദിച്ചുകഴിഞ്ഞു. തൃശ്ശൂർ ജില്ലയിലെ പുഴക്കൽ പാടത്ത് മറ്റൊരു സമുച്ചയത്തിന്റെ പണി പൂർത്തിയായി. തിരുവനന്തപുരം, ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിലെ സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്. |
| (സി) | 17500 ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ നടത്തുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ചെയ്ത കാര്യങ്ങൾ അറിയിക്കാമോ; | (സി) | മേൽവിവരിച്ച പദ്ധതികൾ നടപ്പിലാക്കുക വഴി ലക്ഷ്യമിട്ട ചെറുകിട വ്യവസായസംരംഭങ്ങൾ ആരംഭിക്കാൻ കഴിയും. കൂടാതെ ഇൻഡസ്ട്രി - വാഴ്സിറ്റി ലിങ്കേജ് പദ്ധതി , നാനോ ഹൗസ് ഹോൾഡ് എന്റർപ്രൈസസ് പദ്ധതി, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് എന്നിവ വഴിയും ലക്ഷ്യമിട്ട വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന് സർക്കാരിന് ആത്മവിശ്വാസമുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കൊച്ചി - പാലക്കാട് വ്യവസായ ഇടനാഴി പദ്ധതിയുടെ പുരോഗതി അറിയിക്കുമോ? | (ഡി) | സംസ്ഥാനത്ത് വ്യവസായ ഇടനാഴി രൂപീകരണത്തിന് വേണ്ടി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതനുസരിച്ച് വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള National Industrial Corridor Development and Implementation Trust (NICDIT)ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചു. അപ്രകാരം കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ധോപദേശക ഏജൻസിയെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ.**